ട്രാഫിക്ക് മേഖലയിൽ

അപകടങ്ങൾ ഒഴിവാക്കാൻ നൂതന ആശയങ്ങൾ അവതരിപ്പിച്ച വിദ്യാർത്ഥികൾക്ക് റൂറൽ ജില്ലാ പോലീസ് മേധാവി ഡോ.വൈഭവ് സക്സേനയുടെ അഭിനന്ദനം. ചിറ്റൂർ എസ്.ബി.ഒ.എ പബ്ലിക്ക് സീനിയർ സെക്കൻഡറി സ്ക്കൂളിലെ വിദ്യാർത്ഥികളായ ഷോൺ ജോസഫ്, വൈഷ്ണവ് സുബിൻ , ജെഫിൻ ആൻ്റണി, എൻറിക്ക് റോഡ്രിസ്,

രാഹുൽ രാജ്, അഹമ്മദ് ഫംദാൻ, മെർവിൻ മാത്യു ജോർജ്, ആൽവിൻ ജോസഫ്, അവിൻ റോഡ്രിഗസ് എന്നീ വിദ്യാർത്ഥികൾക്കും, പ്രിൻസിപ്പാൾ ശ്രീകല കരുണാകരൻ, ഹെഡ്മിസ്ട്രസ് ട്രീസ ബിജു എന്നിവർക്കു മാണ് ജില്ലാ പോലീസ് മേധാവിയുടെ ചേമ്പറിൽ വച്ച് അഭിനന്ദനപ്പത്രം നൽകിയത്. പോലീസ് ആലുവയിൽ സംഘടിപ്പിച്ച ഗതാഗത സെമിനാറിലാണ് വിദ്യാർത്ഥികൾ പ്രൊജക്ട് അവതരിപ്പിച്ചത്.